**അടിയന്തിരം**

**ഭരണ ഭാഷ-മാതൃ ഭാഷ**

No.AWWF/D2/29/22

കേരളഅങ്കണവാടിവർക്കേഴ്സ്ആന്റ്
ഹെൽപ്പേഴ്സ്ക്ഷേമനിധി ബോർഡ്
പൂജപ്പുര, തിരുവനന്തപുരം.
Email: awwfkerala@gmail.com
ഫോൺ : 0471-2342433
**തീയതി : 24.01.2022**

ചീഫ്എക്സിക്യുട്ടീവ്ആഫീസർ,

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർക്കും
ശിശു വികസന പദ്ധതി ഓഫീസർമാർക്കും

വിഷയം:- വനിത ശിശു വികസന വകുപ്പ് - അങ്കണവാടി ക്ഷേമനിധി ബോർഡ് - ക്ഷേമനിധി പെൻഷൻ - മസ്റ്ററിംഗ് സംബന്ധിച്ച്.

സൂചന: - ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 15/01/2022 ലെ 1492204/SFC B2/20 നമ്പർ കത്ത്

സൂചനയിലേക്ക് ശ്രദ്ധക്ഷണിക്കുന്നു. 2019 ഡിസംബർ 31 വരെ ക്ഷേമനിധി ബോർഡ് പെൻഷൻ വാങ്ങുന്ന ഇനിയും മസ്റ്ററിംഗ് ചെയ്യാത്ത ഗുണഭോക്താക്കൾക്ക്, മസ്റ്ററിംഗ് നടത്തുന്നതിനും കിടപ്പിലായ പെൻഷൻ ഗുണഭോക്താക്കൾക്ക് ഹോം മസ്റ്ററിംഗ് നടത്തുന്നതിനും ഫെബ്രുവരി 1 മുതൽ 20 വരെ മസ്റ്ററിംഗ് നടത്തുന്നതിന് സൂചന പ്രകാരം നിർദ്ദേശിച്ചിരിക്കുന്നു. ഈ സാഹചര്യത്തിൽ മസ്റ്ററിംഗ് ചെയ്യുന്നത് സംബന്ധിച്ച അറിയിപ്പ് അങ്കണവാടി പെൻഷൻ ഗുണഭോക്താക്കൾക്ക് നൽകേണ്ടതും എല്ലാവരും നിശ്ചിത സമയ പരിധിക്കുള്ളിൽ തന്നെ മസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അതാത് ശിശു വികസന പദ്ധതി ഓഫീസർമാർ ഉറപ്പുവരുത്തേണ്ടതുമാണ്.

2019 ഡിസംബർ 31 വരെയുള്ള പെൻഷൻ ഗുണഭോക്താക്കളിൽ ഇത് വരെയും മസ്റ്റർ ചെയ്യാത്ത ഗുണഭോക്താക്കൾ മാത്രമേ മസ്റ്റർ ചെയ്യേണ്ടതുള്ളൂ എന്ന വിവരം കൂടി അറിയിക്കുന്നു.

2019 ഡിസംബർ 31 വരെയുള്ള പെൻഷൻ ഗുണഭോക്താക്കളിൽ നാളിതുവരെ പെൻഷൻ ഐഡി ലഭിക്കാത്ത ഗുണഭോക്താക്കളെ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമാകുന്ന മുറക്ക് അതാത് ദിവസം ഇതോടൊപ്പമുള്ള പ്രൊഫോർമ 1

ഗൂഗിൾ ഷീറ്റിൽ ബന്ധപ്പെട്ട ശിശു വികസന പദ്ധതി ഓഫീസർമാർ രേഖപ്പെടുത്തേണ്ടതാണ്. ഫെബ്രുവരി 1 മുതൽ 20 വരെയുള്ള തീയതികളിലാണ് മസ്റ്ററിംഗിന് സമയം അനുവദിച്ചിരിക്കുന്നത് എന്നതിനാൽ പ്രസ്തുത വിവര ശേഖരണം 30.01.22 ന് മുമ്പായി പൂർത്തീകരിക്കുന്നതിന് ശിശു വികസന പദ്ധതി ഓഫീസർമാർ ശ്രദ്ധിക്കേണ്ടതാണ്.

മസ്റ്ററിംഗ് പൂർത്തീയാക്കിയ എല്ലാ പെൻഷൻകാരുടേയും വിവരങ്ങൾ ശേഖരിച്ച് ഇതോടൊപ്പമുള്ള പ്രൊഫോർമ II യിൽ 10.03.2022 ന് മുമ്പായി രേഖപ്പെടുത്തേണ്ടതാണ്.

ശിശു വികസന പദ്ധതി ഓഫീസർമാർ പ്രൊഫോർമ I ലെ വിവരശേഖരണം പൂർത്തീകരിച്ചത് സംബന്ധിച്ച് 05.02.22 നും പ്രൊഫോർമ II സംബന്ധിച്ച് 15.03.22 ന് ജില്ലാ വനിതാ ശിശു വികസന ഓഫീസർമാരും റിപ്പോർട്ട് ഈ കാര്യാലയത്തിൽ ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ നിർബന്ധമായും സ്വീകരിക്കണമെന്ന് അറിയിക്കുന്നു.

വിശ്വസ്തതയോടെ,

ചീഫ്എക്സിക്യൂട്ടീവ്ഓഫീസർ

മാസ്റ്ററിംഗ് സംബധിച്ച പെർഫോമ ഗൂഗിൾഷീറ്റ് ലിങ്ക്ആയി ജില്ലാ ഓഫീസിർമാർക്കും,സി.ഡിപി.ഒ മാർക്കുംമെയിൽ നൽകിയിട്ടുണ്ട്.